# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 483

### (29.10.2019-ലെ മറുപടിക്ക്)

**<u>വാപ്കോസിനു നൽകിയ അക്രഡിറ്റേഷൻ പുന:പരിശോധിക്കാൻ നടപടി</u>**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. എസ്.രാജേന്ദ്രൻ<br>(ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | നിയമസഭാ മണ്ഡലങ്ങളുമായി ബന്ധപ്പെട്ടുള്ള ആസ്തി വികസന ഫണ്ട് ഉൾപ്പെടെയുള്ളവ കൈകാര്യം ചെയ്യുന്ന അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | 04.07.2019 തീയതിയിലെ സ.ഉ.(പി) നം. 77/2019/ധന ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനമികവ് വിലയിരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറും ധനകാര്യ റിസോഴ്സസ് സെക്രട്ടറിയും ഉൾപ്പെട്ട സെലക്ഷൻ കമ്മറ്റി അക്രഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനമികവ് വിലയിരുത്തിയതിനു ശേഷം മാത്രമേ അക്രഡിറ്റേഷൻ പുതുക്കി നൽകാറുള്ളൂ . |
| (ബി) | ഇത്തരത്തിലുള്ള അക്രഡിറ്റഡ് ഏജൻസിയായ വാപ്കോസിന്റെ പ്രവർത്തനം സംബന്ധിച്ചും പ്രസ്തുത ഏജൻസി ഈടാക്കുന്ന സെന്റേജ് സംബന്ധിച്ച വിഷയങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാപ്കോസിന്റെ പ്രവർത്തനം സംബന്ധിച്ചും പ്രസ്തുത അക്രഡിറ്റഡ് ഏജൻസി ഈടാക്കുന്ന സെന്റേജ് ചാർജ് സംബന്ധിച്ചും ലഭിച്ച പരാതി ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |
| (സി) | എങ്കിൽ, പ്രസ്തുത ഏജൻസിയുടെ അക്രഡിറ്റേഷൻ പുന:പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ധനകാര്യ വകുപ്പിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വാപ്കോസിന്റെ അക്രഡിറ്റേഷൻ പുന:പരിശോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**